LIBRARY ARCHIVES Kerala Legislative Assembly

കുട്ടനാട്ടിലെ വ്യവസായ വികസനം

173 (558) ശ്രീ. തോമസ് കെ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ നെല്ല്, മീൻ അനുബന്ധ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരു വ്യവസായ പാർക്ക് തുടങ്ങാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കുട്ടനാട്ടിൽ വ്യവസായ പാർക്കിന് അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

(ബി) ആർ ബ്ലോക്ക് പോലെയുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി കൃഷി, ടൂറിസം, വ്യവസായം എന്നിവ വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

പരിശോധിക്കാവുന്നതാണ്.

വ്യവസായ വകുപ്പിന്റെ കീഴിൽ ആരംഭിച്ച പുതിയ പദ്ധതികൾ

174 (559) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ കീഴിൽ ആരംഭിച്ച പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയിലും ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(സി) പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിനുകീഴിൽ ആരംഭിച്ച പദ്ധതിയാണ് മെഡ്സ്പാർക്ക്. ശ്രീചിത്രതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയുമായി (SCTIMST) ചേർന്ന് സംയുക്ത സംരംഭമായി കെ.എസ്.ഐ.ഡി.സി. ലൈഫ് സയൻസസ് പാർക്കിൽ (ഘട്ടം-I) 9 ഏക്കർ സ്ഥലത്ത് ഈ മെഡിക്കൽ ഉപകരണ പാർക്ക് (മെഡ്സ്പാർക്ക്) സ്ഥാപിക്കുന്നു. മെഡ്സ്പാർക്കിലെ നിർദ്ദിഷ്ട സൗകര്യങ്ങൾ ചുവടെ വിശദമാക്കിയിരിക്കുന്നു.